പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4727 — 26.10.2016-ൽ മറുപടിക്ക്

**ടെക്സ്റ്റയിൽ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള അനുമതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി. ദിവാകരൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ, പ്രത്യേകിച്ച് ടെക്സ്റ്റയിൽസ് മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള അനുമതി ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. അസംഘടിത മേഖലയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്തതും മതിയായ വിശ്രമം അനുവദിക്കാത്തതും സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടു ണ്ട്. തുടർന്ന് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയുണ്ടായി. ഭേദഗതി പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിൽ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടു ണ്ടോ എന്ന് പരിശോധിക്കുവാനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ പന്ത്രണ്ട് മണിക്കൂറോളം തുടർച്ചയായി നിൽക്കുന്നതുമൂലം സ്ത്രീകൾക്ക് കഠിനമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് തിരക്ക് കുറവുള്ള സമയങ്ങളിൽ സ്ത്രീകൾക്ക് ഇരിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനും, ആയത് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; | (ബി) 16-09-2015 തീയതിയിലെ ജി.ഒ(പി) നമ്പർ: 134/15/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരമുള്ള കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി ചട്ടത്തിലെ ചട്ടം 5 (എ) പ്രകാരം ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവന ക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കുവാനുള്ള സൗകര്യവും തൊഴിലുടമ സജ്ജീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭേദഗതി പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിൽ സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടു ണ്ടോ എന്ന് പരിശോധിക്കുവാനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇരിക്കാനുള്ള അവകാശമുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് മുൻപ് സമരങ്ങൾ നടന്ന തുണി വ്യാപാര സ്ഥാപനങ്ങളിൽ ഇപ്പോഴും സ്ത്രീതൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള അനുമതി ഇല്ലായെന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം 18-06-2016 ന് സംസ്ഥാന വ്യാപകമായി 42 തുണിക്കടകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ, തൊഴിലാളികൾക്ക് നൽകേണ്ട തായ അടിസ്ഥാന സൗകര്യങ്ങളും അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും ലഭ്യമാകുന്നു ണ്ടോ എന്ന് പരിശോധിക്കുകയു ണ്ട ായി. പരിശോധനാ വേളയിൽ കാണപ്പെട്ട നിയമ ലംഘനങ്ങൾക്കെതിരെ നോട്ടീസ് നൽകി നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |